പെരുമ്പാവൂർ കെ. എസ്. ഇ. ബി. സ്റ്റോർ മാറ്റി സ്ഥാപിക്കാൻ നടപടി

39 [1936] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-ക്ക് എത്ര സ്റ്റോറുകൾ എവിടെയെല്ലാം ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെങ്കിലും സ്റ്റോറുകൾ നിർത്തലാക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) പെരുമ്പാവൂർ സ്റ്റോർ മറ്റേതെങ്കിലും സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 51 സ്റ്റോറുകളുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പെരുമ്പാവൂർ സബ് റീജിയണൽ സ്റ്റോർ ആലുവ റീജിയണൽ സ്റ്റോർ കാമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. താഴെപറയുന്ന കാരണത്താലാണ് ടി ഓഫീസ് ആലുവയിലേയ്ക്ക് മാറ്റുന്നത്

1. പെരുമ്പാവൂരിൽ ഈ ആഫീസ് വാടകസ്ഥലത്ത് പ്രവർത്തിക്കുന്നതിനാലാണ് ആലുവയിൽ ബോർഡ് വക സ്ഥലത്തേക്ക് മാറ്റുന്നത്. അതുകൊണ്ട് വാടകയിനത്തിൽ വലിയൊരു തുക ലാഭിക്കാൻ കഴിയും.

2. പെരുമ്പാവൂരിൽ സ്ഥല സൗകര്യം കുറവാണ്. എന്നാൽ ആലുവായിൽ വേണ്ടത്ര സൗകര്യം ഉണ്ട്.

3. റീജിയണൽ സ്റ്റോറും സബ് റീജിയണൽ സ്റ്റോറും ഒരേ കോമ്പൗണ്ടിൽ ആകുമ്പോൾ സാധനങ്ങളുടെ കൈകാര്യത്തിൽ ഉണ്ടാകുന്ന ചെലവും സമയവും ലാഭിക്കാൻ കഴിയും.

4. പെരുമ്പാവൂർ സർക്കിളിന്റെ കീഴിലുള്ള പറവൂർ, ആലുവ ഡിവിഷനുകൾ ആലുവ സ്റ്റോറിനടുത്താണ് സ്ഥിതി ചെയ്യുന്നത്.

നെടുവത്തൂരിൽ 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി

40 [1937] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനവൈദ്യുതി ബോർഡിന് കീഴിലുള്ള, റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്, നെടുവത്തൂർ നിയോജകമണ്ഡലത്തിലെ വെളിയത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly